പതിനാലാം കേരള നിയമസഭ

എഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 1389 11/08/2017-ൽ മറുപടിയ്ക്ക്

രാഷ്ട്രീയ കൃഷി വികാസ് യോജന

**ചോദ്യം**

ശ്രീ. പാറക്കൽ അബ്ദുല്ല

**ഉത്തരം**

ശ്രീ. വി.എസ് .സുനിൽ കുമാർ
( കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൃഷി വകുപ്പ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് യഥാസമയം നൽകാത്തതു കാരണം രാഷ്ട്രീയ കൃഷി വികാസ് യോജനക്ക് കേന്ദ്രം ഫണ്ട് നിഷേധിച്ചതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | എ) & ബി) | ആർ.കെ.വി.വൈ പദ്ധതിയിൽ അനുവദിച്ച തുകയ്ക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കേന്ദ്ര സർക്കാരിന് സമർപ്പിക്കാത്തത് കാരണം നാളിതുവരെ ഒരു ഫണ്ടും തടയപ്പെട്ടിട്ടില്ല. പദ്ധതിയിൻ കീഴിൽ അനുവദിച്ച തുകയ്ക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് യഥാസമയം സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ എത്ര കോടി രൂപയുടെ കേന്ദ്ര സഹായമാണ് ഇപ്പോൾ തടയപ്പെട്ടത്; | | |
| (സി) | യൂട്ടലൈസേഷൻ സർട്ടിഫിക്കറ്റിനു പുറമെ കേന്ദ്രം ആവശ്യപ്പെട്ട പരിഷ്കരിച്ച പ്രോജക്ട് റിപ്പോർട്ടും സംസ്ഥാന സർക്കാർ നൽകിയില്ലെന്നത് ശരിയാണോ; | സി) | കേന്ദ്രസർക്കാർ ആർ.കെ.വി.വൈ പദ്ധതിയിൽ ഫണ്ട് അനുവദിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പുതുക്കിയ മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ചാണ് പ്രോജക്ടുകൾ സമർപ്പിച്ചിട്ടുള്ളത്. |
| (ഡി) | കേന്ദ്ര സഹായം ഇനിയും ലഭ്യമാക്കാനും പദ്ധതി മുടക്കം വരാതെ മുന്നോട്ടു കൊണ്ടു പോകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദാംശങ്ങൾ നൽകുമോ? | ഡി) | ആർ.കെ.വി.വൈയിൽ കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ച് അനുവദിക്കുന്ന തുക സംസ്ഥാനത്തെ അറിയിക്കുകയും പ്രസ്തുത തുകയ്ക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കി സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് നൽകുകയുമാണ് ചെയ്യുന്നത്. സമയബന്ധിതമായി ഫണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ